**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1143** **09-10-2024 - ൽ മറുപടിയ്ക്ക്**

**മാങ്കാംകുഴി, താമരക്കുളം മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിൽ മാങ്കാംകുഴി, താമരക്കുളം മത്സ്യമാർക്കറ്റുകളുടെ നിർമ്മാണത്തിന് സ്വീകരിച്ച നടപടി വിശദമാക്കുമോ; | (എ) | മാവേലിക്കര മണ്ഡലത്തിൽ മാംങ്കാകുഴി മത്സ്യ മാർക്കറ്റിന് കിഫ്ബി പദ്ധതിയിൽ 147 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. DSR 2018 നിലവിൽ വന്നതിനാൽ പുതുക്കിയ ഫണ്ടിംഗ് അനുമതി 176 ലക്ഷം രൂപയ്ക്ക് ലഭ്യമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 136 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകുകയും ചെയ്തു. പ്രവൃത്തിയുടെ Package file-ന് കിഫ്ബിയുടെ അപ്രൂവൽ ലഭിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി ടെണ്ടർ ചെയ്ത് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.<br><br>താമരക്കുളം മത്സ്യ മാർക്കറ്റിന് കിഫ്ബി പദ്ധതിയിൽ 210 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. DSR 2018 നിലവിൽ വന്നതിനാൽ പുതുക്കിയ ഫണ്ടിംഗ് അനുമതി 227 ലക്ഷം രൂപയ്ക്ക് ലഭ്യമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 176 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകി. Project Execution Document കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾ എത്രയുംവേഗം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | മാങ്കാംകുഴി മത്സ്യമാർക്കറ്റിന്റെ നിർമ്മാണത്തിനായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. പ്രവൃത്തി ഉടനെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>താമരക്കുളം മത്സ്യമാർക്കറ്റിന്റെ നിർമ്മാണത്തിനായുള്ള Project execution document കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്നും അംഗീകാരം ലഭ്യമായാലുടൻ ടെണ്ടർ നടപടി പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ